# എ.എം.എൽ.പി. സ്കൂൾ

## തിരുവിഴാംകുന്ന്



# തിളക്കം

## അക്കാദമിക് മാസ്റ്റർ പ്ലാൻ

# അടിസ്ഥാന വിവരങ്ങൾ

| | | | |
|---|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : | എ.എം.എൽ.പി. സ്കൂൾ തിരുവിഴാംകുന്ന്, കച്ചേരിപ്പറമ്പ് പി.ഒ., 9747922927 |
| 2. | സ്കൂൾ കോഡ് | : | 21874 (എൽ.പി.) |
| 3. | വിദ്യാഭ്യാസ ഉപജില്ല | : | മണ്ണാർക്കാട് |
| 4. | വിദ്യാഭ്യാസ ജില്ല | : | മണ്ണാർക്കാട് |
| 5. | റവന്യൂജില്ല | : | പാലക്കാട് |
| 6. | ബി.ആർ.സി. | : | മണ്ണാർക്കാട് |
| 7. | സി.ആർ.സി. | : | ജി.എൽ.പി.എസ്. തിരുവിവാംകുന്ന് |
| 8. | ഗ്രാമപഞ്ചായത്ത് | : | കോട്ടോപ്പാടം |
| 9. | ബ്ലോക്ക് പഞ്ചായത്ത് | : | മണ്ണാർക്കാട് |
| 10. | ജില്ലാ പഞ്ചായത്ത് | : | പാലക്കാട് |
| 11. | നിയമസഭ മണ്ഡലം | : | മണ്ണാർക്കാട് |
| 12. | ലോകസഭ മണ്ഡലം | : | പാലക്കാട് |
| 13. | താലൂക്ക് | : | മണ്ണാർക്കാട് |
| 14. | വില്ലേജ് | : | കോട്ടോപ്പാടം |
| 15. | ഇ-മെയിൽ | : | amlpstvkunnu@gmail.com |
| 16. | സ്കൂൾ സ്ഥാപിതം | : | 1917 |
| 17. | സ്ഥാപക മാനേജർ | : | അപ്പു എഴുത്തച്ഛൻ |
| 18. | നിലവിലെ മാനേജർ | : | അബ്ബാസ് ഹാജി ടി., താളിയിൽ ഹൗസ്, കച്ചേരിപ്പറമ്പ് - 678601 |

# ഉള്ളടക്കം


| | | | |
|---|---|---|---|
| 1. | ആമുഖം | - | 1 |
| 2. | വിദ്യാലയ ചരിത്രം, ലക്ഷ്യങ്ങൾ | - | 2 |
| 3. | പ്രവർത്തനഘട്ടങ്ങൾ, നിലവിലെ അവസ്ഥാ വിശകലനം | - | 3 |
| 4. | മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റ നോട്ടത്തിൽ | - | 4 |
| 5. | പദ്ധതി വിശദാംശങ്ങൾ | - | 4 - 9 |
| | മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല | | |
| 6. | ദിനാചരണങ്ങൾ | - | 10 |
| 7. | അക്കാദമിക് കലണ്ടർ | - | 11 - 14 |
| 8. | മോണിട്ടറിംഗ് | - | 14 |
| 9. | ഉപസംഹാരം | - | 15 |


# എ. എം. എൽ. പി. സ്കൂൾ

## തിരുവിഴാംകുന്ന്

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. എ.എം.എൽ.പി. സ്കൂളിൽ 2025-26 അധ്യയനവർഷം എൽ.കെ.ജി. മുതൽ 5-ാം ക്ലാസ്സ് വരെ കുട്ടികൾ പഠിക്കുന്നു. വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതുസമൂഹത്തിന്റെ പിന്തുണകൊണ്ട് വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്നുകൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം.

അതിന് കരുത്തുപകരാൻ ഏറെ സഹായകമായ രീതിയിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ ഒരുക്കിയിട്ടുണ്ട്. പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ ഈ മാസ്റ്റർ പ്ലാനിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## വിദ്യാലയത്തിന്റെ ചരിത്രം

1917 ൽ സ്ഥാപിതമായ ഈ സ്ഥാപനം കുടിപ്പള്ളിക്കൂടമായിരുന്നു അന്ന്. ഇപ്പോൾ 14 പെർമനെന്റ് അധ്യാപകരും ഒരു എച്ച്.ടി.വി. ഉൾപ്പടെ 2025-26 അധ്യയനവർഷത്തിൽ 15 അധധ്യാപകരുണ്ട്. 290 കുട്ടികൾ 1 തുടങ്ങി 5 വരെ പഠിക്കുന്നു. പ്രീ- പ്രൈമറി വിഭ്ഗാത്തിൽ എൽ.കെ.ജി., യു.കെ.ജി. ഉൾപ്പടെ 98 കുട്ടികളും 3 അധ്യാപകരും ഉണ്ട്.

## ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായി വിദ്യാഭ്യാസം സമസ്ത വിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
2. അക്കാദമിക മികവിന് ഉതകുന്ന വിധത്തിൽ ഭൗതികസൗകര്യങ്ങൾ വികസിപ്പിക്കുക.
3. എൽ.കെ.ജി. മുതൽ അഞ്ചാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾ ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാൻ ഉതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തി നടപ്പിൽ വരുത്തുക.
4. അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിവിധ പ്രവർത്തനങ്ങൾ രൂപീകരിച്ച് നടപ്പിലാക്കുക.
5. പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്നതിന് ആവശ്യമായ വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക.
6. ശുചിത്വം, സഹജീവി സ്നേഹം, അനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കുക.
7. പാർശ്വവത്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കുക.
8. പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കാനും വരും തലമുറക്ക് കൈമാറേണ്ട ഭൂമിയെ കാത്തുസൂക്ഷിക്കാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്താനും കുട്ടിയെ പ്രാപ്തമാക്കുക.

# പ്രവർത്തന ഘട്ടങ്ങൾ

1. എസ്.ആർ.ജി. യോഗത്തിൽ ചർച്ച
2. കരട് രൂപരേഖ തയ്യാറാക്കൽ
3. എസ്.ആർ.ജി. യോഗത്തിൽ അവതരണം, ചർച്ച
4. പി.ടി.എ. യോഗത്തിൽ അവതരണം, ചർച്ച
5. നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
6. ക്രോഡീകൃത അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

# നിലവിലെ അവസ്ഥ വിശകലനം

**ഭൗതിക നേട്ടങ്ങൾ**

16 ക്ലാസ്സ് മുറികൾ അടങ്ങുന്ന കോൺക്രീറ്റ് കെട്ടിടത്തിൽ ഒരെണ്ണം 2018 മെയ് മാസത്തിലാണ് ഉദ്ഘാടനം ചെയ്തത്. ഓഫീസ് റൂമും, പാചകപ്പുരയും ടൈൽസ് വിരിച്ചതാണ്. ചുറ്റുമതിലുണ്ട്. മുറ്റം കട്ട പതിച്ചതാണ്. എം.എൽ.എ. ഫണ്ടിൽ നിന്നു പണിത ശുചിമുറിയുമുണ്ട്.

**പരിമിതികൾ**

കുട്ടികൾക്ക് ഭക്ഷണം കഴിക്കാൻ പ്രത്യേക ഭോജനശാല, പച്ചക്കറിത്തോട്ടം, ജൈവ വൈവിധ്യ പാർക്ക് എന്നിവ ഒരുക്കേണ്ടതുണ്ട്.

**അക്കാദമിക നേട്ടങ്ങൾ**

എല്ലാ വർഷങ്ങളിലും നമ്മുടെ കുട്ടികൾക്ക് എൽ.എസ്.എസ്. സ്കോളർഷിപ്പ് ലഭിച്ചുവരുന്നു. ഇതിനായി അവധി ദിവസങ്ങളിൽ പ്രത്യേക ക്ലാസ്സുകൾ നടത്തുന്നു. കലാകായികപ്രവൃത്തിപരിചയമേഖലകളിൽ പ്രത്യേക പരിശീലനം നൽകുന്നതുകൊണ്ടുതന്നെ ഈ മേഖലകളിലെല്ലാം സബ്ജില്ലാതലത്തിൽ മികച്ച പ്രകടനം കാഴ്ച വെക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്. വിദ്യാരംഗം പരിപാടിയുടെ ഭാഗമായി നടത്തുന്ന രചനോത്സവങ്ങൾ (കഥ, കവിത, ചിത്രം) മറ്റു ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്ന ക്വിസ്സ് മത്സരങ്ങൾ എന്നിവയിലെല്ലാം വിദ്യാലയത്തിലെ കുട്ടികൾ പങ്കെടുത്ത് മികവ് തെളിയിച്ചിട്ടുണ്ട്. ജന്മദിനത്തിൽ ഒരു പുസ്തകം പരിപാടിയിലൂടെ ക്ലാസ്സ് ലൈബ്രറി വിപുലീകരണവും തുടങ്ങിയിട്ടുണ്ട്.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ:

ഭാഷാശേഷി വികസനം
ഗണിത ശേഷി വികസനം
ലൈബ്രറി ശാക്തികരണം
കലാകായിക ശാസ്ത്രമേളകൾ
ഐടി പരിശീലനം
ദിനാചരണങ്ങൾ
സ്കൂൾ മാഗസിൻ
വിദ്യാ വാണി
ഇംഗ്ലീഷ് പരിപോഷണം
ശാസ്ത്ര പോഷണ പരിപാടികൾ
വായനാ പരിപോഷണം
പഠന യാത്രകൾ
ക്ലാസ് പിടിഎ സജീവമാക്കൽ
ക്ലാസ് പത്രങ്ങൾ
ടാലന്റ് ലാബ്

## മേഖല - അക്കാദമികം - ഭാഷ

- **മലയാളത്തിളക്കം**

**ലക്ഷ്യം:-** ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കുക.
**പ്രവർത്തനങ്ങൾ:-** ഓരോ ക്ലാസിലും പ്രീ ടെസ്റ്റ് നടത്തൽ. അക്ഷരങ്ങൾ പദങ്ങൾ വാക്യങ്ങൾ എന്നിവ എഴുതിയ കാർഡുകൾ തയ്യാറാക്കൽ. ചിത്രങ്ങൾക്ക് അനുസ്യതമായ അടിക്കുറിപ്പ് വിവരണം കഥ എന്നിവ പറയൽ എഴുതൽ. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലന ക്ലാസുകൾ നൽകൽ മുൻനിരയിൽ എത്തുന്നത് വരെ.
**കാലാവധി:-** ജൂൺ മുതൽ മാർച്ച് വരെ
**പിന്തുണ:-** HM and Class Teacher

- **വായനാക്കൂട്ടം**

**ലക്ഷ്യം :-** കുട്ടിയെ മികച്ച വായനക്കാരനാക്കുക.
**പ്രവർത്തനങ്ങൾ:-** ക്ലാസ് തല വായന കൂട്ടം രൂപീകരണം(June 19), വായന മൂല ക്ലാസ് ലൈബ്രറി സജ്ജീകരണം, സ്കൂൾ ലൈബ്രറി നവീകരണം, സമീപ ഗ്രന്ഥശാലയിൽ അംഗത്വം, വായനോത്സവം, പത്രവായന, പുസ്തക പ്രകാശനം ,വായനാക്കുറിപ്പ് പതിപ്പ് തയ്യാറാക്കൽ.
**കാലാവധി:-** ജൂൺ മുതൽ മാർച്ച്
**പിന്തുണ:-** HM, വിദ്യാരംഗം കൺവീനർ, ക്ലാസ് ടീച്ചർ

- **എഴുത്തും കുത്തും**

**ലക്ഷ്യം:-** വ്യവഹാര രൂപത്തിലുള്ള ലേഖന മികവ്
**പ്രവർത്തനങ്ങൾ:-** എഴുത്തുകൂട്ടം രൂപീകരണം, രചനോത്സവം, വായന കുറിപ്പ് തയ്യാറാക്കൽ പതിപ്പ് ,ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ, സാഹിത്യകാരന്മാരെ അറിയാം, എഴുത്തുകാരും പുസ്തകങ്ങളും ,കുട്ടി പത്രം
**കാലാവധി:-** ജൂലൈ മുതൽ ഡിസംബർ
**പിന്തുണ:-** HM, വിദ്യാരംഗം കൺവീനർ, പി.ടി.എ

➡ **പിറന്നാൾ മധുരം പുസ്തകത്താളുകളിൽ**

**ലക്ഷ്യം :-** ലൈബ്രറി ശാക്തീകരണം

**പ്രവർത്തനങ്ങൾ:-** കുട്ടികൾ പിറന്നാൾ ദിനത്തിൽ മിഠായിക്ക് പകരം ക്ലാസ് ലൈബ്രറിയിലേക്ക് ഒരു പുസ്തകം സമ്മാനമായി നൽകൽ.

**കാലാവധി:-** ജൂൺ മുതൽ മാർച്ച്

**പിന്തുണ:-** ക്ലാസ് ടീച്ചർ

➡ **കാതിലെത്തും മധുരം**

(വിദ്യാവാണി)

**ലക്ഷ്യം:-** സർഗശേഷി വികസനം

**പ്രവർത്തനങ്ങൾ:-** ഇഷ്ട ഗാനങ്ങൾ, കഥകൾ, പ്രധാനവാർത്തകൾ എന്നിവ അവതരിപ്പിക്കൽ.

**കാലാവധി:-** ആഴ്ചയിൽ ഒന്ന്

**പിന്തുണ:-** ഒ, ക്ലാസ് ടീച്ചർ

## മേഖല - ഇംഗ്ലീഷ്

➡ **ഇംഗ്ലീഷ് അസംബ്ലി**

**ലക്ഷ്യം:-** ഇംഗ്ലീഷ് ഫലപ്രദമായി വിനിമയം ചെയ്യുന്നതിനുള്ള ശേഷി വികസിപ്പിച്ചെടുക്കുക.

**പ്രവർത്തനങ്ങൾ:-** മാസത്തിൽ രണ്ടു തവണ അസംബ്ലി ചേരൽ. അസംബ്ലിയിൽ കുട്ടികൾക്ക് English poem, story, thought of the day തുടങ്ങിയ പരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകൽ

**കാലാവധി:-** ജൂൺ മുതൽ മാർച്ച്

**ചുമതല:-** ഇംഗ്ലീഷ് ക്ലബ്ബ് കൺവീനർ

➡ **ഇംഗ്ലീഷ് തീയേറ്റർ**

**ലക്ഷ്യം:-** സർഗാത്മകതാ പരിപോഷണം

**പ്രവർത്തനങ്ങൾ:-** മുൻപ് പരിചയപ്പെട്ടതോ പാഠഭാഗങ്ങളിൽ പഠിച്ചതോ ആയ story , poem ,drama, conversation എന്നിവ അവതരിപ്പിക്കൽ

**കാലാവധി:-** മാസത്തിലൊന്ന്

**ചുമതല:-** ക്ലാസ് ടീച്ചർ ഇംഗ്ലീഷ് കൺവീനർ

➡ **ഇംഗ്ലീഷ് കോർണർ**

**ലക്ഷ്യം:-** വായനാ പരിപോഷണം.

**പ്രവർത്തനങ്ങൾ:-** കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് ഒരു വായന മൂല ഒരുക്കൽ,

വായനാവേള ഒരുക്കൽ

**കാലാവധി:-** രണ്ടാഴ്ചയിൽ ഒന്ന്

**ചുമതല:-** ക്ലാസ് ടീച്ചർ

➡ **ONE SENTENCE A DAY**

**ലക്ഷ്യം:-** ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള ആത്മവിശ്വാസം ഉണ്ടാക്കുക.

**പ്രവർത്തനങ്ങൾ:-** നിത്യജീവിതത്തിൽ പ്രയോഗിക്കാൻ കഴിയുന്ന simple sentence അധ്യാപിക ഓരോ ദിവസവും കുട്ടികൾക്ക് പരിചയപ്പെടുത്തി കൊടുക്കൽ
**കാലാവധി:-** എല്ലാ ദിവസവും
**ചുമതല:-** ക്ലാസ് ടീച്ചർ

➡ **ഇംഗ്ലീഷ് ഫെസ്റ്റ്**

**ലക്ഷ്യം:-** ഇംഗ്ലീഷ് നന്നായി പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിൽ കുട്ടികളെ എത്തിക്കൽ
**പ്രർത്തനങ്ങൾ:-** വായനാ മത്സരം ,രചനാ മത്സരം, മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം.
**കാലാവധി:-** ജനുവരി
**ചുമതല:-** ഇംഗ്ലീഷ് ക്ലബ്ബ് കൺവീനർ

## മേഖല-അക്കാദമികം ശാസ്ത്രം

➡ **ശാസ്ത്ര മൂല ഒരുക്കൽ**

**ലക്ഷ്യം:-** ഒന്നു മുതൽ നാലു വരെ ക്ലാസുകളിലെ പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുന്നതിനും പഠന നേട്ടങ്ങൾ ഉറപ്പാക്കുന്നതിനും.
**പ്രവർത്തനങ്ങൾ:-** പരിസര പഠന പാഠഭാഗങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് ആവശ്യമായ പരീക്ഷണ സാമഗ്രികൾ ,ശാസ്ത്ര പുസ്തകങ്ങൾ എന്നിവ കണ്ടെത്തി ക്ലാസ് റൂമിൽ ശാസ്ത്രമൂല ഒരുക്കുക.
**കാലാവധി:-** ജൂലൈ മുതൽ
**പിന്തുണ:-** HM ,ക്ലാസ് ടീച്ചർ

➡ **ശാസ്ത്രത്തെ അറിയാംപരീക്ഷണത്തിലൂടെ**

**ലക്ഷ്യം:-** കുട്ടികളിൽ ശാസ്ത്ര അഭിരുചിയും അന്വേഷണത്വരയും വളർത്തിയെടുക്കുക.
**പ്രവർത്തനങ്ങൾ:-** മാസത്തിൽ ഒരു പരീക്ഷണം സ്കൂൾ അസംബ്ലിയിൽ ചെയ്ത് കാണിക്കൽ.
**കാലാവധി:-** ജൂലൈ മുതൽ മാർച്ച്
**പിന്തുണ:-** ശാസ്ത്ര ക്ലബ് കൺവീനർ, അധ്യാപകർ

➡ **നല്ല ഭൂമി, നല്ല നാളെ**

**ലക്ഷ്യം:-** പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം
**പ്രവർത്തനങ്ങൾ:-** വിദ്യാർത്ഥികൾ അവരുടെ ജന്മദിനത്തിൽ ചോക്ലേറ്റിന് പകരം പുസ്തകങ്ങളും ചെടികളും സ്കൂളിന് സംഭാവന ചെയ്യുക,
ഒറ്റ തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകൾ പൂർണമായും ഒഴിവാക്കുക പകരം തുണിസഞ്ചികളും പേപ്പർ കവറുകളും ഉപയോഗിക്കുക,
പ്ലാസ്റ്റിക് ടിഫിനുകളും വാട്ടർബോട്ടിലുകളും നിർത്തി സ്റ്റീൽ കുപ്പികളും ടിഫിനുകളും ഉപയോഗിക്കുക.

➡ **എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം**

**ലക്ഷ്യം:-** മാലിന്യ സംസ്കരണത്തെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക.
**പ്രവർത്തനങ്ങൾ:-** മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം മനസ്സിലാക്കി കൊടുക്കുക, മാലിന്യങ്ങളെ ജൈവം അജൈവം എന്നിങ്ങനെ പ്രത്യേകം വേർതിരിച്ച് നിക്ഷേപിക്കാനുള്ള കമ്പോസ്റ്റുകൾ ഒരുക്കുക
**കാലാവധി:-** ജൂൺ മുതൽ മാർച്ച്
**പിന്തുണ:-** HM,PTA, അധ്യാപകർ

➡ **പച്ചപ്പ് തേടി...**

**ലക്ഷ്യം:-** പ്രകൃതിയെ അറിയുക, പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ എർപ്പെടുക.
**പ്രവർത്തനങ്ങൾ:-** സസ്യങ്ങളെയും ജന്തുക്കളെയും നേരിൽ കാണാനും അവയുടെ സവിശേഷതകൾ മനസ്സിലാക്കാനും പാടം, കുളം, കാവ് തുടങ്ങിയ സ്ഥലങ്ങളിലേക്ക് വർഷത്തിൽ ഒന്നോ രണ്ടോ ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക.

## മേഖല-അക്കാദമികം ഗണിതം

➡ **അടിസ്ഥാന ഗണിത ക്രിയകൾ**

**ലക്ഷ്യം:-** ചതുഷ്ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
**പ്രവർത്തനം:-** ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തിയുള്ള ക്ലാസ് റൂം പ്രവർത്തനങ്ങൾ ഒരുക്കൽ, സങ്കലനം വ്യവകലനം ഗുണനം ഹരണം എന്നീ ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദാരണം ചെയ്യാൻ അവസരം നൽകൽ.
**കാലാവധി :-** ജൂൺ മുതൽ മാർച്ച്
**പിന്തുണ:-** ക്ലാസ് ടീച്ചർ

➡ **ഐടി അധിഷ്ഠിത ഗണിത ക്ലാസുകൾ ഒരുക്കൽ**

**ലക്ഷ്യം:-** ഗണിത പഠനം രസകരമാക്കുക.
**പ്രവർത്തനം:-** ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള ഗണിത പ്രവർത്തനങ്ങൾ ഒരുക്കൽ .
**കാലാവധി:-** ജൂൺ മുതൽ മാർച്ച്
**പിന്തുണ:-** ഗണിത ക്ലബ് കൺവീനർ, ക്ലാസ് ടീച്ചർ

➡ **ഉല്ലാസ ഗണിതം**

**ലക്ഷ്യം:-** ഗണിത പഠനപ്രവർത്തനങ്ങൾ രസകരവും ആകർഷകവുമാക്കുക.
**പ്രവർത്തനങ്ങൾ:-** ഗണിത കേളികൾ ,ഗണിതവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ പ്രദർശിപ്പിച്ചുകൊണ്ട് മെട്രിക്ക് മേള ,ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് വിവിധ രൂപങ്ങൾ നിർമ്മിക്കൽ

➡ **ഗണിത ഡയറി**

**ലക്ഷ്യം:-** നിത്യജീവിതത്തിൽ

ഗണിതത്തിനുള്ള സ്ഥാനം മനസ്സിലാക്കുക
**പ്രവർത്തനങ്ങൾ:-** നിത്യ ജീവിതത്തിലെ കാര്യങ്ങളെ സമയം, അളവുകൾ, ദൂരം....
എന്നിവ ബന്ധപ്പെടുത്തി
ഡയറി എഴുതൽ
**കാലാവധി:-** ജൂലൈ മുതൽ
**പിന്തുണ:-** ക്ലാസ് ടീച്ചർ

## മേഖല-അറബി

- **ലോകഭാഷ അറബി ഭാഷ**

**ലക്ഷ്യം:-** അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക.
**പ്രവർത്തനങ്ങൾ:-** മുന്നറിവ് പരിശോധിക്കൽ, അക്ഷരങ്ങൾ ഉറപ്പിക്കൽ, വാചകങ്ങൾ ഉറപ്പിക്കൽ, ഭാഷാ കളികൾ
**കാലാവാധി:-** രണ്ടുമാസം
**ചുമതല:-** അറബി ടീച്ചർ

- **അറബി വായനോത്സവം**

**ലക്ഷ്യം:-** കരിക്കുലം ലക്ഷ്യം വയ്ക്കുന്ന അറബി ഭാഷ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക.
**പ്രവർത്തനങ്ങൾ:-** വായനാമത്സരം, വായനാക്കുറിപ്പുകൾ തയ്യാറാക്കൽ, അറബിക് പത്രവായന.
**കാലാവധി:-** ജൂൺ മുതൽ മാർച്ച്
**ചുമതല:-** അറബി ടീച്ചർ

- **അറബി രചനോത്സവം**

**ലക്ഷ്യം:-** വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുക.
**പ്രവർത്തനങ്ങൾ:-** പതിപ്പുകളുടെ നിർമ്മാണം, വായനാക്കുറിപ്പ് ശേഖരണം, കഥ, കവിത രചന ,പോസ്റ്റർ നിർമ്മാണം
**കാലാവധി:-** ജൂൺ മുതൽ മാർച്ച്
**ചുമതല:-** അറബി ടീച്ചർ

## മേഖല-പ്രവൃത്തി പഠനം

- **പ്രവൃത്തി പരിചയ ശിൽപശാല**

**ലക്ഷ്യം:-** നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക
**പ്രവർത്തനങ്ങൾ:-** പ്രവർത്തിപരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ.
നിർമ്മാണം:ചോക്ക്, ചന്ദനത്തിരി ,പാവ etc
**കാലാവധി:-** സെപ്റ്റംബർ
**പിന്തുണ:-** SRG,PTA

➡ **ടാലന്റ് ലാബ്**

**ലക്ഷ്യം:-** സ്കൂൾ പഠനകാലത്ത് തന്നെ കുട്ടികളുടെ അഭിരുചികൾ കണ്ടെത്തി പ്രോത്സാഹനവും പരിശീലനവും നൽകുക.

**പ്രവർത്തനങ്ങൾ:-** വർക്ക് എക്സ്പീരിയൻസ് പിരിയഡുകളിൽ വിവിധ നിർമ്മാണ

**പ്രവർത്തനങ്ങൾ:-** പരിശീലിപ്പിക്കൽ, അവധി ദിനങ്ങളിൽ പ്രത്യേക പരിശീലനം നൽകൽ, സ്കൂൾതല പ്രവർത്തി പരിചയമേള സംഘടിപ്പിക്കൽ

**കാലാവധി:-** ജൂൺ മുതൽ

**പിന്തുണ:-** ക്ലാസ് ടീച്ചർ PTA,HM

**മേഖല-ആരോഗ്യകായികവിദ്യാഭ്യാസം**

➡ **കായിക ആരോഗ്യം**

**ലക്ഷ്യം:-** മനസ്സിൻറെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ എന്ത് ലക്ഷ്യം കൈവരിക്കുന്നതിനും പ്രാപ്തരാക്കുക.

**പ്രവർത്തനങ്ങൾ:-** PT പീരിയഡുകളിൽ അധ്യാപകരുടെ നേതൃത്വത്തിൽ കായിക പരിശീലനം നൽകൽ, വ്യായാമം ശീലമാക്കൽ ദിവസവും, സ്കൂൾ തല കായികമേള സംഘടിപ്പിക്കൽ

**കാലാവധി:-** ജൂൺ മുതൽ മാർച്ച്

**പിന്തുണ:-** ക്ലാസ് ടീച്ചർ,HM,SRG

➡ **ഹെൽത്ത് ചെക്കപ്പ്**

**ലക്ഷ്യം:-** എല്ലാ കുട്ടികളുടെയും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക.

**പ്രവർത്തനങ്ങൾ:-** എല്ലാ കുട്ടികളുടെയും ആരോഗ്യ ക്ഷമത ഉറപ്പുവരുത്താനായി വിവിധ ഹെൽത്ത് ചെക്കപ്പുകൾ സംഘടിപ്പിക്കൽ.

**കാലാവധി:-**

**പിന്തുണ:-** HM PTA

➡ **ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം**

**ലക്ഷ്യം:-** പോഷകസമൃദ്ധമായ ഉച്ച ഭക്ഷണത്തിലൂടെ ആരോഗ്യമുള്ള ശരീരം കൈവരിക്കുക.

**പ്രവർത്തനങ്ങൾ:-** എല്ലാ പ്രവർത്തി ദിനങ്ങളിലും കുട്ടികൾക്ക് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ , കർക്കിടത്തിൽ പത്തില കറി പരിചയപ്പെടുത്തൽ മാസത്തിൽ ഒരു ഇലക്കറി

**കാലാവധി:-** ജൂൺ മുതൽ മാർച്ച്

**ചുമതല:-** ഉച്ചഭക്ഷണ കമ്മിറ്റി

## മേഖല-സാമൂഹികം

- **ഒരു ചുവടോടെ ...ഒരേ ലക്ഷ്യത്തിലേക്ക്...**

ലക്ഷ്യം:- PTA ശാക്തീകരണം
പ്രവർത്തനങ്ങൾ:- എല്ലാമാസവും ക്ലാസ് പിടിഎ ചേർന്ന് കുട്ടികളുടെ നിലവാരം രക്ഷിതാക്കളുമായി പങ്കുവെക്കൽ, ഓരോ മാസവും കുട്ടികൾ നേടേണ്ട ശേഷികൾ രക്ഷിതാക്കൾക്ക് വിശദീകരിച്ചു കൊടുക്കൽ CPTA കളിൽ, കോർണർ പി.ടി.എ കൾ സംഘടിപ്പിക്കൽ
ചുമതല:- HM , ക്ലാസ് ടീച്ചർ

## വിജ്ഞാന താക്കോലുകൾ ദിനാചരണങ്ങൾ

ജൂൺ 5 പരിസ്ഥിതി ദിനം

ജൂൺ 19 വായനാദിനം

ജൂലൈ 5 ബഷീർ ദിനം

ജൂലൈ 21 ചാന്ദ്രദിനം

ആഗസ്റ്റ് 7 ഹിരോഷിമ ദിനം

ആഗസ്റ്റ് 9 നാഗസാക്കിദിനം

ആഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനം

സെപ്റ്റംബർ 5 അധ്യാപക ദിനം

ഒക്ടോബർ 2 ഗാന്ധിജയന്തി

ഒക്ടോബർ 16 ഭക്ഷ്യ ദിനം

നവംബർ 1 കേരളപ്പിറവി

നവംബർ 14 ശിശുദിനം

ജനുവരി 26 റിപ്പബ്ലിക് ദിനം

ഫെബ്രുവരി 21 ലോക മാതൃഭാഷാ ദിനം

മാർച്ച് 22 ലോക ജലദിനം

## ഉപസംഹാരം

വിദ്യാലയത്തിന്റെ നിലവിലുള്ള അവസ്ഥയെക്കുറിച്ചും ഇതൊരു മാതൃക വിദ്യാലയം ആക്കുന്നതിന് ആവശ്യമായ അക്കാദമികവും ഭൗതികവും സാമൂഹികവുമായ പ്രവർത്തനങ്ങളെക്കുറിച്ചും പ്രതിപാദിച്ചു കഴിഞ്ഞു. നാം ഉദ്ദേശിച്ച ലക്ഷ്യത്തിലേക്ക് എത്തുന്നതിന് എല്ലാ വ്യക്തികളുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും സാമൂഹിക സാംസ്കാരിക സംഘടനകളുടെയും തദ്ദേശസ്ഥാപനങ്ങൾ സർക്കാർ എന്നീ മേഖല കളിൽ നിന്നും ആവശ്യമായ സഹകരണങ്ങൾ നേടികൊണ്ട് കൂട്ടായ പ്രവർത്തനങ്ങ ളിലൂടെ ഗ്രാമപ്രദേശത്തിന്റെ വിജ്ഞാന കേന്ദ്രമായ ഈ വിദ്യാലയത്തെ മികവിന്റെ മറ്റൊരു കേന്ദ്രമാക്കി മാറ്റാനുള്ള തീവ്രയജ്ഞത്തിൽ നമുക്ക് പങ്കാളികളാകാം.

